## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1362

13.07.2016-ൽ മറുപടിയ്ക്ക്.

### ശുഭയാത്ര 2015 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് ശുഭയാത്ര 2015 പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്നാണ് ശുഭയാത്ര 2015 എന്ന പദ്ധതിയ്ക്കു രൂപം നൽകിയിട്ടുള്ളത്. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ ട്രാഫിക് അപകടങ്ങളും ഗുരുതര അപകടങ്ങളും കുറയ്ക്കുക, കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുക, ട്രാഫിക് നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ഇരുചക്രയാത്രികർ എന്നിവർക്ക് ട്രാഫിക് നിയമങ്ങൾ മനസിലാക്കി കൊടുക്കുന്നതിനും, ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണത്തിനുമായി വിവിധ കർമ്മ പദ്ധതികൾ ശുഭയാത്ര പദ്ധതിയിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആധുനിക |

സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ആധുനിക സാങ്കേതിക വിദ്യകളായ ആട്ടോമാറ്റിക് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം, ഹാൻഡ് ഹെൽഡ് സ്പീഡ് റഡാർ, അത്യാധുനിക ബ്രീത്ത് അനലൈസർ ആന്റ് ആൽക്കോമീറ്റർ, മോഡേൺ ട്രാഫിക് സ്റ്റേറ്റ് കമാന്റ് & സെൻട്രൽ സെന്റർ, ട്രാഫിക് പാർക്കുകളും മൊബൈൽ ട്രാഫിക് പാർക്കുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി) 04.06.2015-ലെ സ.ഉ.(ആർ.റ്റി) നം.1368/2015/ആഭ്യന്തരം പ്രകാരം ശുഭയാത്രാ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി നടത്തിപ്പിനായി ആദ്യ ഘട്ടമായി 6,00,00,000/- രൂപ (6 കോടി രൂപ) അനുവദിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ശുഭയാത്ര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ